


# തകരാത്ത വിശ്വാസം

(നിയമാ. 11:1–9; ഏശയ്യാ 40:12–17; 2 കൊറി 2:12–17; മത്തായി 20:1–16)

ബ്ര. ആൽബിനോ മേക്കലത്ത് MCBS

Vol. 11, Issue: 21

**മി**ശിഹായിൽ സ്നേഹം നിറഞ്ഞവരേ,

കർത്താവിന്റെ രണ്ടാമത്തെ വരവിനെ ഉദ്ഘോഷിക്കുന്ന ഏലിയാ-സ്ലീവാ-മൂശാക്കാലങ്ങളെ ധ്യാനവിഷയമാക്കുന്ന നമുക്ക് തിരുസഭാമാതാവ് ഇന്ന് വിചിന്തനത്തിനായി നൽകിയിരിക്കുന്നത് മാനുഷികനീതിയെ അതിലംഘിക്കുന്ന സ്നേഹത്തിൽ കേന്ദ്രീകൃതമായ ദൈവനീതിയുടെ കഥ പറയുന്ന ഒരു ഉപമയാണ് - മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ ഉപമ.

വചനം ആരംഭിക്കുന്നു: "സ്വർഗ്ഗരാജ്യം, തന്റെ മുന്തിരിത്തോട്ടത്തിലേയ്ക്ക് ജോലിക്കാരെ വിളിക്കാൻ അതിരാവിലെ പുറപ്പെട്ട വീട്ടുടമസ്ഥനു സദൃശ്യം." ഒന്നാം മണിക്കൂർ മുതൽ പതിനൊന്നാം മണിക്കൂർ വരെ പണിക്കാരെ അന്വേഷിക്കുന്ന വീട്ടുടമസ്ഥനിൽ ഔദാര്യനിധിയായ ദൈവത്തെ നാം കാണണം. പല തലങ്ങളിൽ വ്യാഖ്യാനിക്കപ്പെട്ടിട്ടുള്ള ഈ ഉപമയെ രക്ഷാകരചരിത്രത്തിന്റെ കണ്ണിലൂടെയാണ് മത്തായി സുവിശേഷകൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ആദിമസഭയിലെ പ്രധാനപ്പെട്ട എഴുത്തുകാരിലൊരാളായ ഒരിജൻ പറയും: "ആദം മുതൽ ക്രിസ്തുവരെയുള്ള രക്ഷാകര ചരിത്രത്തിന്റെ കാലഘട്ടങ്ങളെ ഇവിടെ ഓരോ മണിക്കൂറുകളിൽ ജോലിക്കാരെ വിളിക്കുന്നതിലൂടെ സുവിശേഷകൻ അവതരിപ്പിക്കുകയാണ്" എന്ന്.

മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ ഉപമയിലെ കേന്ദ്രകഥാപാത്രങ്ങളായ വീട്ടുടമസ്ഥന്റെയും, വിവിധ മണിക്കൂറുകളിൽ വിളിക്കപ്പെട്ട ജോലിക്കാരുടെയും മനോഭാവങ്ങളെക്കുറിച്ച് നമുക്ക് ചിന്തിക്കാം.

അബ്രാഹത്തിന്റെ കാലം മുതൽ അദ്ധ്വാനിക്കുകയാണ് തിരഞ്ഞെടുക്കപ്പെട്ട ഇസ്രായേൽ ജനം. വാഗ്ദാനപ്രകാരമുള്ള തേനും പാലും ഒഴുകുന്ന കാനാൻദേശമായിരുന്നു അവരുടെ അദ്ധ്വാനലക്ഷ്യം. അദ്ധ്വാനത്തിന്റെ മാനദണ്ഡമോ, കൽപനകൾ അനുസരിക്കുക എന്നതും. നിയമാവർത്തന പുസ്തകം പതിനൊന്നാം അദ്ധ്യായത്തിൽ നാം ഇന്ന് വായിച്ചുകേട്ടു. "ഞാൻ ഇന്ന് തരുന്ന കൽപനകളെല്ലാം നിങ്ങൾ അനുസരിക്കണം; എങ്കിൽ മാത്രമേ നിങ്ങൾ ശക്തരാവുകയും നിങ്ങൾ കൈവശമാക്കാൻ പോകുന്ന ദേശം സ്വന്തമാക്കുകയുമുള്ളൂ" എന്ന്. ഇങ്ങനെ വർഷങ്ങളുടെ പാരമ്പര്യം സ്വന്തമായി അവകാശപ്പെടുന്ന യഹൂദ ക്രിസ്ത്യാനികൾ ചിന്തിച്ചു, ഞങ്ങളാണ് സ്വർഗ്ഗരാജ്യത്തിൽ ആദ്യം പ്രവേശിക്കുക എന്ന്. ആദ്യ മണിക്കൂറുകളിൽ വിളിക്കപ്പെട്ട ജോലിക്കാർ ഇത്തരമൊരു വിശ്വാസം സ്വയമേ പ്രഖ്യാപിച്ചവരാ

ണ്. ആയതിനാൽ തന്നെ, കൂലി നൽകിയപ്പോൾ അവർ പറഞ്ഞ മറുപടി ശ്രദ്ധേയാണ്: "അവസാനം വന്ന ഇവർ ഒരു മണിക്കൂറേ ജോലി ചെയ്തുള്ളൂ; എന്നിട്ടും പകലിന്റെ അദ്ധ്വാനവും ചൂടും സഹിച്ച ഞങ്ങളോട് അവരെ നീ തുല്യരാക്കിയല്ലോ." എന്നാൽ, പതിനൊന്നാം മണിക്കൂറിൽ വിളിക്കപ്പെട്ടവർ ദൈവത്തിന്റെ ഉടമ്പടിജനം അല്ലാതിരുന്നിട്ടും സ്വർഗ്ഗരാജ്യത്തിലെ അംഗങ്ങളായി മാറിയ വിജാതീയക്രൈസ്തവരാണ്. ഈ രണ്ടു കൂട്ടരോടുമുള്ള ദൈവത്തിന്റെ സമീപനം ഒരുപോലെ ആയിരിക്കുമെന്നും രക്ഷയുടെ അവകാശികളും സ്വർഗ്ഗരാജ്യത്തിലെ അംഗങ്ങളുമാകുവാൻ എല്ലാവർക്കും സാധിക്കുമെന്നും അതിനാൽ, തങ്ങളുടെ പാരമ്പര്യങ്ങളിൽ അഹങ്കരിക്കാതെ ദൈവകരുണയിൽ ആശ്രയിച്ചുവേണം ക്രൈസ്തവജീവിതം നയിക്കേണ്ടതെന്നും നമ്മെ ഓർമ്മപ്പെടുത്തുകയാണ് വചനം. ഇതായിരിക്കട്ടെ ഇന്ന് നാം സ്വീകരിക്കുന്ന ആദ്യപാഠം.

ദൈവകരുണയിൽ നിന്നും അയോഗ്യരായി ആരും പുറന്തള്ളപ്പെടുന്നില്ല. എല്ലാവരും അവിടുത്തെ കൃപയ്ക്ക് യോഗ്യരാണ്. കാരണം, ദൈവം എല്ലാവരെയും തുല്യരായി കാണുന്നു. അവിടുന്ന് നീതിയോടെ വിധിക്കുന്ന രാജാവാണെന്ന് ഇന്നത്തെ രണ്ടാം വായനയിൽ ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ നിന്ന് നാം വായിച്ചു കേട്ടു. പിരിഞ്ഞുപോകുന്നവരെയും തിരിച്ചുവിളിച്ച് ചേർത്തുപിടിക്കുന്ന സ്നേഹമാണ് അവിടുത്തേത്.

പതിനൊന്നാം മണിക്കൂറിൽ ആണെങ്കിൽക്കൂടിയും ദൈവത്തിന്റെ കരുണ മനസ്സിലാക്കി തിരിച്ചുവരുന്നവനും സ്വർഗ്ഗരാജ്യത്തിൽ ഒരേ നീതിയാണ്. ധൂർത്തപുത്രന്റെ ഉപമയിലും ഇതേ നീതി തന്നെയാണല്ലോ, ഇതേ കാരുണ്യം തന്നെയാണല്ലോ ആവിഷ്ക്കരിക്കപ്പെടുന്നത്. ജീവിതത്തിന്റെ പതിനൊന്നാം മണിക്കൂറിൽ പിതാവിന്റെ ഭവനത്തെക്കുറിച്ചുള്ള ഓർമ്മയിൽ നിന്നും ഉടലെടുത്ത മാനസാന്തരം വഴി ധൂർത്തപുത്രൻ പിതാവിങ്കലേയ്ക്ക് തിരിച്ചുവന്നപ്പോൾ പിതാവ് അവനെ സ്നേഹത്തോടെ തിരികെ സ്വീകരിച്ചു. അവകാശം അനുഭവിച്ചുകൊണ്ടിരുന്ന ജ്യേഷ്ഠനാകട്ടെ, പിതാവിനെതിരെ പിറുപിറുത്തു. ആദ്യമണിക്കൂർ മുതൽ ജോലിയിൽ വ്യാപൃതരായിരുന്ന ജോലിക്കാർക്കിടയിലും ഇതേ പിറുപിറുപ്പ് നാം കാണുന്നുണ്ട്. എങ്കിലും അവിടുന്ന് പറയുന്നു: "അവസാനം വന്ന ഇവനും നിനക്കു നൽകിയതുപോലെ കൊടുക്കാനാണ് എനിക്കിഷ്ടം." സ്വർഗ്ഗരാജ്യത്തിലെ നീതി കേവലം ലോകനീതി അല്ലെന്ന് ഇവിടെ തീർച്ച. ദൈവത്തിന്റെ നീതി കാരുണ്യമാണ്.

ഇനി വിവിധ മണിക്കൂറുകളിൽ ജോലിക്കായി വിളിക്കപ്പെട്ട ജോലിക്കാരുടെ മനോഭാവങ്ങളെക്കുറിച്ച് നമുക്ക് ചിന്തിക്കാം.

ആദ്യം വന്നവരിൽ നിന്ന് അവസാനം വന്നവർക്ക് ഒരേയൊരു വ്യത്യാസമേ വചനം പറയുന്നുള്ളൂ. അവർ ലാഭേച്ഛ കൂടാതെ ദൈവഹിതം മനസ്സിലാക്കി ജോലി ചെയ്തു. പതിനൊന്നാം മണിക്കൂറിലെ ജോലിക്കാരുടെ ഈ മനോഭാവം നമുക്കും ആർജ്ജിക്കാം. ഒരിക്കൽ, തോമസ് ആൽവാ എഡിസന്റെ പക്കൽ ഒരു സ്ത്രീ തന്റെ മകനെയും കൂട്ടിവന്ന് ഒരു കൊച്ചുവാചകം എഴുതി നൽകാൻ ആവശ്യപ്പെട്ടു. അദ്ദേഹം ഇങ്ങനെ കുറിച്ചു: "While you work, never look at a clock" – നീ അദ്ധ്വാനിക്കുമ്പോൾ ക്ലോക്കിൽ സമയം നോക്കരുത്.

മുന്തിരിത്തോട്ടത്തിലേയ്ക്ക് ആദ്യം വന്ന ജോലിക്കാർ തങ്ങൾക്കും മറ്റുള്ളവർക്കും ലഭിച്ച കൂലിയെക്കുറിച്ചു മാത്രമല്ല, അവർ അദ്ധ്വാനിച്ച സമയത്തെക്കുറിച്ചുപോലും പരാതിപ്പെട്ടു. സമയം നോക്കി, പ്രതിഫലം പ്രതീക്ഷിച്ച് അദ്ധ്വാനിച്ച കൂലിക്കാരായിരുന്നു അവർ. യജമാനന്റെ ഹിതം നിറവേറ്റുക എന്നതായിരുന്നില്ല അവരുടെ ലക്ഷ്യം. അവർ നേരത്തെ വന്നിരിക്കാം; എന്നാൽ വേണ്ടത് ചെയ്തില്ല, അവർ മുഴുവനും കൊടുത്തിരിക്കാം; എങ്കിലും പൂർണ്ണതൃപ്തിയോടെ ആയിരിക്കില്ല, അവർ ബന്ധങ്ങൾ സൂക്ഷിച്ചിരിക്കാം; എങ്കിലും സ്നേഹത്തോടെ ആയിരിക്കില്ല. ദൈവരാജ്യത്തിന്റെ ശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ടിരിക്കുന്ന നമുക്ക് സമയം നോക്കാതെ അദ്ധ്വാനിക്കാം.

ആദ്യം വന്നു എന്നതോ കൂടുതൽ അദ്ധ്വാനിച്ചു എന്നതോ അല്ല നമ്മുടെ യോഗ്യതയുടെ വിഷയം. നമ്മുടെ യോഗ്യതയുടെ വിഷയം ഒന്നാമതായി, ദൈവത്തിന്റെ കാരുണ്യവും രണ്ടാമതായി, സ്വീകരിച്ച ഈ കാരുണ്യത്തിൽ നിലനിന്നുകൊണ്ട് അവിടുത്തെ ഹിതം മനസ്സിലാക്കി ലാഭേച്ഛ കൂടാതെ, സ്വർഗ്ഗരാജ്യത്തിനു വേണ്ടി ജോലി ചെയ്യുക എന്നതുമാണ്. ഇത് നിസ്സാരമല്ല. ഈ ജീവിതലക്ഷ്യത്തിന് കൃപ കൂടിയേ തീരൂ. ദൈവം മനുഷ്യനോടു കാണിച്ച ഏറ്റവും വലിയ കാരുണ്യത്തിന്റെ അനുസ്മരണമായ ഈ വിശുദ്ധ കുർബാനയിൽ നമുക്ക് പ്രാർത്ഥിക്കാം, ദൈവകരുണയിൽ ആശ്രയിച്ച് ദൈവഹിതം മനസ്സിലാക്കി ജീവിക്കാനും പ്രതിഫലേച്ഛ കൂടാതെ, നന്മ ചെയ്യാനുമുള്ള കൃപ ഞങ്ങൾക്ക് നൽകണമേ എന്ന്.